# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2363
## (2018 ഡിസംബർ 6 വ്യാഴാഴ്ച മറുപടിയ്ക്ക്)

### ലൈഫ് പദ്ധതി അപേക്ഷ സംബന്ധിച്ച്

| | ചോദ്യം<br><br>ശ്രീ.കെ.വി.വിജയദാസ് | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | ലൈഫ് പദ്ധതിക്കായി എത്ര കോടി രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. വിശദ വിവരം നൽകുമോ ? | ലൈഫ് മിഷന് നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്കായി 142.69 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ ഗുണഭോക്തൃ സർവ്വേ നടത്തുന്നതിനായി 6 കോടി രൂപയും വിവിധ വകുപ്പുതല പദ്ധതികൾക്കു കീഴിൽ പൂർത്തിയാകാതെ കിടന്ന വീടുകളുടെ പൂർത്തീകരണത്തിനായി 110 കോടി രൂപയും ഇടുക്കി ജില്ലയിലെ അടിമാലിയിൽ ഭവനം ഫൗണ്ടേഷൻ നിർമ്മിച്ചിട്ടുള്ള ഭവന സമുച്ചയം ലൈഫ് ഗുണഭോക്താക്കൾക്കായി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 26.69 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | എത്ര പാർപ്പിടങ്ങൾക്കായാണ് പ്രസ്തുത തുക നൽകിയിട്ടുള്ളത്? | വിവിധ വകുപ്പുതല പദ്ധതികൾക്കു കീഴിൽ പണി പൂർത്തിയാകാതെ അവശേഷിച്ച 54036 ഭവനങ്ങളുടെ പണി പൂർത്തീകരണത്തിനായുള്ള അധിക |

| | | |
|---|---|---|
| | | ധനസഹായമായാണ് 110 കോടി രൂപ അനുവദിച്ചിട്ടുള്ളത്. |
| (സി) | ഭവനരഹിതരുടെ ലഭ്യമായ കണക്കുകൾ പ്രകാരം ലൈഫ് പദ്ധതി പൂർത്തീകരിക്കുവാൻ പ്രതീക്ഷിക്കുന്ന ചെലവ് വ്യക്തമാക്കുമോ? | ഭവനരഹിതരുടെ നിലവിലുള്ള കണക്കുകളനുസരിച്ച് ഭൂമിയുള്ള ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് ഏകദേശം 7400 കോടി രൂപയും ഭൂമിയില്ലാത്ത ഭവന രഹിതർക്ക് ഏകദേശം 30,000 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. |

അക്കൗണ്ട്സ് ഓഫീസർ